പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1920 19.06.2012 ൽ മറുപടിയ്ക്ക്

ആലംകോട് സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ ഇലക്ട്രിസിറ്റി ഓഫീസിന് കീഴിൽ ആലംകോട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ), (ബി) & (സി) 25,000 ൽ കൂടുതൽ ഉപഭോക്താക്കളുള്ളതോ 20,000 ത്തിലേറെ ഉപഭോക്താക്കളും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തീർണ്ണവുമുള്ള സെക്ഷനുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്. ഏകദേശം 19,600 ഉപഭോക്താക്കളും 30 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുമുള്ള ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് വിഭജിച്ച് ആലംകോട് കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഓഫീസിൽ ആണ് നടന്നുവരുന്നത്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകുമോ; | |
| (സി) ആലംകോട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് ഇല്ലാത്തത് പ്രദേശവാസികളെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ